

നിരീക്ഷണം/പഠനം

# നമ്മുടെ കോൾ നിലങ്ങളുടെ സർവനാശം ഉയർത്തുന്ന സാമൂഹ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ

ഡോ. പി.എസ്. പണിക്കർ

എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിലായി നെടുമ്പാശ്ശേരി മുതൽ പൊന്നാനിവരെ 2000 ഹെക്ടർ വിസ്തൃതിയിൽ കോൾനിലങ്ങൾ തെക്കുവടക്കു വ്യാപിച്ചുകിടക്കുന്നു. സംസ്ഥാനത്തിന്റെ മൊത്തം നെല്ലൽപാദനത്തിൽ 2.35% ഇവിടെനിന്ന് ലഭിക്കുന്നു. യാതൊരു വളവും ചെയ്യാതെ പ്രകൃത്യാലുള്ള കൃഷി കൊണ്ട് സമൃദ്ധമായ നെല്ലുല്പാദനം മൂലമാണ് ഇതിനെ 'കോൾകൃഷി' എന്ന് വിളിക്കുന്നത്. 'കോൾ' എന്ന വാക്കിനർത്ഥം സമൃദ്ധി എന്നാണ്. തൃശൂർ ജില്ലക്കാർ കോൾനിലങ്ങളെ, കോൾപ്പടവുകൾ എന്നുവിളിക്കാറുണ്ട്. വർഷത്തിലൊരിക്കൽ മാത്രം ഡിസംബർ മുതൽ ഏപ്രിൽ വരെ കോൾനിലങ്ങളിൽ കൃഷിയിറക്കുന്നു. പിന്നീട് ആറുമാസത്തോളം (ജൂൺ മുതൽ നവംബർ വരെ) കൃഷിസ്ഥലങ്ങൾക്ക് വിശ്രമമാണ് കോൾപ്പാടശേഖരങ്ങളിൽ വെള്ളം നിറഞ്ഞ് കായൽകണക്കെ പരന്നുകിടക്കും. കടലിൽനിന്നും കായലിൽനിന്നുമുള്ള ഉപ്പുവെള്ളം വേലിയേറ്റം-ഇറക്കത്തിൽ കിടക്കും. അപ്പോൾ മത്സ്യകൃഷി നടത്തും. മത്സ്യകൃഷി കൊണ്ട് ഉപജീവനം നടത്തുന്നവർ ആയിരക്കണക്കിന് വരും. കൃഷികഴിഞ്ഞുള്ള വൈക്കോലും കളകളും ചപ്പുചവറുകളും ചീഞ്ഞളിഞ്ഞ് പ്രകൃതിദത്തമായ നല്ല വളം രൂപപ്പെടും. ഇതിൽ അതീവസമൃദ്ധമായ പോഷകങ്ങളുണ്ടാകും. ചാലക്കുടിപ്പുഴ, കീച്ചേരി, കരിവന്നൂർ, ഭാരതപ്പുഴ, എന്നിവയിൽനിന്നുള്ള വെള്ളപ്പൊക്കജലവും സമുദ്രജലം കയറിയിറങ്ങലും മൂലം എക്കലും വണ്ടലും ജൈവാംശങ്ങളും വളരെയേറെ അടിഞ്ഞുകൂടി വളക്കൂറുള്ള പശിമരാശിമണ്ണ് വർഷംതോറും രൂപപ്പെടും. ഇത് പ്രകൃതിയുടെ ഒരു സ്വയം നിർമ്മിതിയാണ്. ഇതെല്ലാം തിന്ന് മത്സ്യങ്ങൾ വിസർജ്ജിക്കുന്നതും വളമായി മാറും. ഇവിടെ മേയ്ക്കാനിറക്കുന്ന താറാവുകളുടെയും ദേശാടനപക്ഷികളുടെയും കാഷ്ഠവും ഈ ജൈവപ്രക്രിയയുടെ സമൃദ്ധിക്ക് മാറ്റുകൂട്ടുമെന്ന് പറയാതെ തരമില്ല. അങ്ങനെയൊരു ഭക്ഷ്യശൃംഖല ഇവിടെ പ്രവർത്തിക്കുന്നു.

കോൾനിലങ്ങൾ സമുദ്രനിരപ്പിൽനിന്ന് രണ്ടുമൂന്നടി താഴെയാണ്. അതുകൊണ്ട് കൃഷി തുടങ്ങുന്നതിനു മുമ്പ് ഉപ്പുവെള്ളം കയറാതിരിക്കാൻ വേണ്ടി കോൾനിലങ്ങളുടെ പ്രവേശനകവാടങ്ങളിൽ ബണ്ട് കെട്ടും. ഏനമാക്കൽ എന്ന സ്ഥലത്ത് ബ്ലൂയിസോടുകൂടിയ ബണ്ട് നിർമ്മിക്കും. അതുപോലെ കാരാഞ്ചിറ ലോക്കും കോട്ടൺകോട്ടുവളവ് റെഗുലേറ്ററും അടച്ച് ഭദ്രമാക്കും. ഇവിടത്തെ ഭൂരിപക്ഷം കർഷകരും പാർശ്വവത്ക്കരിക്കപ്പെട്ട ചെറുകിടക്കാരാണ്. 0.2 മുതൽ 0.78 ഹെക്ടർ വരെയാണ് ശരാശരി ഒരു കൃഷിക്കാരന്റെ കൈവശമുള്ള നിലത്തിന്റെ വിസ്തൃതി. ഒറ്റയ്ക്കൊറ്റയ്ക്ക് കൃഷി ചെയ്യുന്നവരെ കൂടാതെ പാടശേഖരങ്ങളായി സംഘം ചേർന്ന് കൂട്ടുകൃഷി നടത്തുന്നവരുമുണ്ട്. കൃഷിവകുപ്പിനെ കൂടാതെ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനും പുഞ്ച സ്പെഷൽ ഓഫീസും മൈനർ ഇറിഗേഷൻ വകുപ്പും ഉപ്പുവെള്ളം പമ്പുചെയ്ത് പുറത്തുകളഞ്ഞ് കൃഷിക്ക് കളമൊരുക്കുന്നതിന് പമ്പിംഗ് സബ്സിഡിയും ബണ്ടുകെട്ടുന്നതിനുള്ള ധനസഹായവും നൽകാറുണ്ട്. കോൾനിലങ്ങളിൽ കൃഷി തുടങ്ങിയിട്ട് രണ്ട് നൂറ്റാണ്ടിലേറെയായി. പണ്ടുകാലങ്ങളിൽ രാജാക്കന്മാരും കോൾകൃഷിയെ പ്രോത്സാഹിപ്പിച്ചിരുന്നുവത്രെ.

കോൾനിലങ്ങൾ ഘടനാപരമായി ഒരു പ്രത്യേക പാക്കിങ്ങിലാണ്. ഏറ്റവും മുകളിൽ അഞ്ചടിവരെ പശിമ രാശിമണ്ണ്. അതിന്റെ താഴെ അഞ്ചടിയോളം മണലും അതിനുതാഴെ കളിമണ്ണുമാണ്. പ്രകൃതിയുടെ ഈ പാക്കിങ്ങ് ജലം നിലനിർത്തുന്നതിന് വളരെയേറെ സഹായകരമാണ്. കോൾനിലങ്ങൾ വാങ്ങുന്ന മണൽമാഫിയ ഇതിന്റെ കളിമണ്ണ് ഇഷ്ടികയും ഓടും ഉണ്ടാക്കാനും മണൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്നു. അങ്ങനെ കോൾനിലങ്ങൾ ഇപ്പോൾ അവർക്ക് ഒരു അക്ഷയഖനിയാണ്. റിയൽ എസ്റ്റേറ്റ് മാഫിയ കോൾനിലങ്ങൾ ഇപ്പോൾ വ്യാപകമായി വാങ്ങി കഴിക്കുകയും നികത്തുകയും ചെയ്തു വരുന്നു. തൃശൂർ ശോഭാ ഡവലപ്പേഴ്സ് 400 ഏക്കർ (പുഴയ്ക്കൽ പാടം) അവരുടെ കോംപ്ലക്സ് നിർമ്മാണത്തിനായി വാങ്ങിക്കൂട്ടിയിട്ടുണ്ട്. അതുപോലെ മാനുവൽ സൺസ് പോലുള്ള ജ്വല്ലേഴ്സ് നിസ്സാരവിലയ്ക്ക് ഏക്കർ കണക്കിന് കോൾനിലങ്ങൾ വാങ്ങിയിട്ടുണ്ട്. തൃശൂരിലെ ലുലു സെന്ററും ദേശാഭിമാനി ഓഫീസും ഒക്കെ കോൾനിലങ്ങൾ വാങ്ങി നികത്തിയതാണ്. മലപ്പുറം ജില്ലയിലും നീർക്കുന്നുകൾ ഇടിച്ച് വ്യാപകമായി കോൾനിലങ്ങൾ നികത്തുന്നുണ്ട്.

കോൾനിലങ്ങളിൽ ഭൂരിഭാഗവും നിരപ്പേറിയ ഭൂമിയാണ്. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ സമൃദ്ധമായി ഇവിടെ മഴ പെയ്യുന്നുണ്ട്. കെട്ടിനിൽക്കുന്ന മഴവെള്ളം ഒരു റിസർവോയർ കണക്കെ ഭൂഗർഭജല റീച്ചാർജ്ജിനെ അസാമാന്യമായി വർദ്ധിപ്പിക്കുന്നുണ്ട്. ഇത് ഈ പ്രദേശത്തെ കിണറുകളിലെയും കുളങ്ങളിലെയും ജലനിരപ്പിനെ നിയന്ത്രിച്ചുനിർത്തുന്നു. ദേശാടനപക്ഷികൾ ഉൾപ്പെടെ 182 തരം പക്ഷികളുടെ ആവാസസ്ഥാനവുമാണ് കോൾനിലങ്ങൾ. ദേശാടനപക്ഷികൾ വർഷത്തിലൊരിക്കൽ ഏതാനും ആഴ്ചകളോളം ഇവിടെവന്ന് വിശ്രമിച്ചും ഇരതേടിയും മടങ്ങിപ്പോകുന്നതിനുമുള്ള 'ചവിട്ടുപടി'കളാണ് കോൾപ്പാടങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നുണ്ട്. ഇവയിൽ ഭൂരിഭാഗവും കീടങ്ങളെ തിന്നുനശിപ്പിക്കുന്നു. എന്നാൽ മറ്റു ചിലവ - എരണ്ടപ്പക്ഷികൾ - കൃഷിക്ക് കീടങ്ങളുമാണ്. ഇതെല്ലാംകൊണ്ട് കോൾനിലങ്ങൾ അന്താരാഷ്ട്ര പ്രാധാന്യമർഹിക്കുന്നു. അതുകൊണ്ടാണ് 1871ലെ ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിലുള്ള റാംസർ കൺവെൻഷൻ ചതുപ്പുനിലങ്ങളും കോൾനിലങ്ങളും സംരക്ഷിക്കപ്പെടേണ്ട റാംസർ സൈറ്റായി പ്രഖ്യാപിച്ചിട്ടുള്ളത്.

മദ്ധ്യകേരളത്തിന്റെ ജീവരേഖയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഭാരതപ്പുഴയുടെയും ചാലക്കുടിപ്പുഴയുടെയും നദീതടങ്ങളിലുള്ള അതീവ ജലസമ്പത്തുള്ള അന്തർധാരകളെ പിടിച്ചുനിർത്തുന്നത് ഈ കോൾപ്പാടങ്ങളാണ്. കേരളത്തിന്റെ കിടപ്പ് കിഴക്കാംതൂക്കായിട്ടാണ്. അതുകൊണ്ട് ഈ കോൾപ്പാടങ്ങൾ അപ്രത്യക്ഷമായാൽ ഈ രണ്ടു നദീതടങ്ങളിലെയും അന്തർധാരകൾ ഒന്നായി സമുദ്രത്തിലേക്കൊഴുകിപ്പോകും. അതിന്റെ പരിണതഫലം ഈ മേഖലയിൽ അതിരൂക്ഷമായ ജലക്ഷാമവും വരൾച്ചയുമായിരിക്കുമെന്നതിൽ പക്ഷാന്തരമില്ല.




തൃശൂർ ജില്ലയിലെ മുരിയാട്ടെ നെൽകർഷകർ കോൾപ്പാടങ്ങൾ നികത്തുന്നതിനെതിരെ സമരത്തിലാണ്. ഭൂസംരക്ഷണസമിതിയും ഇതിനെതിരെ ജനകീയ പ്രക്ഷോഭമാരംഭിച്ചിട്ടുണ്ട്. ജനജാഗ്രത മുഖ്യമന്ത്രിക്കും റവന്യൂമന്ത്രിക്കും ബയോഡൈവേഴ്സിറ്റി ബോർഡിനും നിവേദനങ്ങൾ സമർപ്പിച്ചെങ്കിലും ഇതിനെതിരെ ഇനിയും നടപടികളുണ്ടായിട്ടില്ല.

*സെക്രട്ടറി, ജനജാഗ്രത, 'പൗർണ്ണമി', പാലക്കാട്-1*

കേരളീയം

**കേരളീയം പുസ്തകശാല പ്രതീക്ഷിക്കുക**

**പുസ്തകങ്ങൾ**

1. **ജാഗ്രതയുടെ കാവൽമാടം**
കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
എഡിറ്റർ കെ.ആർ. ഇന്ദിര
2. **മാർക്സിസത്തിനുശേഷം**
എഡിറ്റർ ദിലീപ് രാജ്
3. **പ്ലാച്ചിമട : അനുഭവങ്ങൾ, പാളിച്ചകൾ**
എഡിറ്റർ : ടി.ടി. ശ്രീകുമാർ
4. **കേരളീയം സൈക്കിൾ പുസ്തകം**

കേരളീയം കൊക്കാലെ, തൃശൂർ-21
ഫോൺ : 9388872845, 9447674375
keraleeyamtcr@rediffmail.com